**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ മുന്നറിയിപ്പ് കാരണം കടലിൽ പോകുന്നത് നിരോധിക്കുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗ്ഗം തടസ്സപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും പരിഹാര മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; | (എ) | 2020-21 കാലാവസ്ഥ മുന്നറിയിപ്പുമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴി ലാളികൾക്കു ധനസഹായം നൽകുന്നതിനായി S D R F പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ അനുവദിച്ചിരുന്നു. കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതവും ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1000/- രൂപ വീതവും മൊത്തം 36.126 കോടി രൂപയാണ് ധനസഹായമായി അനുവദിച്ചത്.<br><br>ടൗട്ടെ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെത്തുടർന്നു കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ കടൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി യിരുന്ന 6 ദിവസത്തേക്കുള്ള ധനസഹായമായി ഒരു കുടുംബത്തിന് 1200 രൂപ നിരക്കിൽ തിട്ടപ്പെത്തി 18.36 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 1,24,970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 28,070 അനുബന്ധതൊഴിലാളി കുടുംബങ്ങൾക്കും തുക അനുവദിക്കുന്നതിനായി അതാത് ജില്ലാ ഓഫീസർമാർക്ക് തുക അനുവദിച്ചിട്ടുണ്ട്.<br><br>2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെതുടർന്ന് കടലിൽ പോകുന്നതിനു വിലക്കേർപ്പെടുത്തിയത് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി-അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് 47.84 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും |

| | | | |
|---|---|---|---|
| | | | അനുവദിക്കുകയും 1,59,481 മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 3,000 രൂപ വെച്ച് ധനസഹായം ജില്ലാ ഓഫീസർമാർ മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുമുണ്ട്. |
| (ബി) | കടലിൽ പോകുന്നത് നിരോധിക്കുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പ്രകൃതി ക്ഷോഭത്തിന്റെയോ കടൽ ക്ഷോഭത്തിന്റെയോ ഫലമായി തുടർച്ച യായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നിലവിൽ ഒരു ദിവസം 200 രൂപ വീതം കണക്കാക്കി ധനസഹായം നല്കുന്നുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ കാരണം മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ കടലിൽ ജോലിക്ക് പോകുവാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ